ഹയർ സെക്കന്ററി ഡയറക്ടറുടെ
കാര്യാലയം, ഹൗസിംഗ് ബോർഡ്
ബിൽഡിംഗ്, ശാന്തി നഗർ,
തിരുവനന്തപുരം.

നം.എഡി.സി6/5697/15/എച്ച്.എസ്.ഇ    തീയതി : 19.11.2015

# സർക്കുലർ

വിഷയം: ഹയർസെക്കന്ററി അധ്യാപകരുടെ 2015-16 വർഷത്തെ പൊതുസ്ഥലംമാറ്റം - ഭേദഗതി ചെയ്തു ഉത്തരവ് പുറപ്പെടുവിക്കുന്നത് - സംബന്ധിച്ച്.

സൂചന:- 1. ഈ ഓഫീസിലെ 21/09/15-ലെ എഡി.സി6/5697/15/എച്ച്.എസ്.ഇ നമ്പർ പൊതുസ്ഥലമാറ്റ ഉത്തരവ്.

2. സർക്കാരിന്റെ 26.10.2015-ലെ G.O(Rt)No.5035/15/G.Edn നമ്പർ ഉത്തരവ്.

ഗവ.ഹയർസെക്കന്ററി സ്കൂൾ അദ്ധ്യാപകരുടെ 2015-16 അദ്ധ്യായന വർഷത്തെ പൊതു സ്ഥലമാറ്റവുമായി ബന്ധപ്പെട്ട് കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിന്റ 01.10.2015-ലെ വിധിയിലെ നിർദ്ദേശ പ്രകാരം രൂപീകരിച്ച സമിതി സൂചന (1) പ്രകാരമുള്ള ഉത്തരവിലെ അനോമലികൾ പരിഹരിക്കുന്നതിനുള്ള നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട്. പ്രസ്തുത നിർദ്ദേശങ്ങൾക്കനുസൃതമായി 2015-16 അധ്യായന വർഷത്തെ ഗവ.ഹയർസെക്കന്ററി സ്കൂൾ അദ്ധ്യാപകരുടെ പൊതുസ്ഥലമാറ്റ പ്രക്രീയ സുതാര്യമായി പൂർത്തിയാക്കുന്നതിന് താഴെ ചേർത്ത പ്രകാരമുള്ള നടപടികൾ സമയബന്ധതിമായി സ്വീകരിക്കുന്നതാണ്.

1. മാതൃജില്ലയിൽ 31.03.15-ന് അഞ്ചു വർഷം പൂർത്തീകരിച്ചവരുടെ ലിസ്റ്റ് **Annexure I** ആയി പ്രസിദ്ധീകരിക്കുന്നതാണ്. 04.08.15, 19.08.15 എന്നീ തീയതികളിലെ G.O(Rt)No.3245/15/G.Edn, 3460/2015/G.Edn നമ്പർ പ്രകാരമുള്ള പ്രിൻസിപ്പൽമാരുടെ ട്രാൻസ്ഫറിനോടനുബന്ധിച്ച ത്രോൺ ഔട്ട് ആയ അദ്ധ്യാപകർ അതേ ജില്ലയിൽ നിയമനം ലഭിച്ച് 5 വർഷം പൂർത്തീകരിച്ചിട്ടുണ്ടെങ്കിൽ അവരെ കൂടി **Annexure I** ൽ ഉൾപ്പെടുത്തുന്നതാണ്.

2. 2015-16 വർഷത്തെ ജനറൽ ട്രാൻസ്ഫറിന് അപേക്ഷിച്ചവരുടെ താൽക്കാലിക റാങ്ക് ലിസ്റ്റ് **Annexure 2** ആയി ഇതോടൊപ്പം പ്രസിദ്ധപ്പെടുത്തിയിട്ടുണ്ട്. ട്രാൻസ്ഫറിന് വേണ്ടി ഓപ്ഷൻ സമർപ്പിക്കാവുന്ന ഓരോ തസ്തികകളിലും ഒഴിവ് ഉള്ള സ്കൂളുകളുടെ ലിസ്റ്റ് **Annexure 3** ആയി പ്രസിദ്ധപ്പെടുത്തുന്നതാണ്. പ്രസ്തുത ഒഴിവുകൾ V1, V2, V3 ഒഴിവുകൾ എന്നായി തരംതിരിച്ച് രേഖപ്പെടുത്തിയിട്ടുണ്ട്. (V1- open vacancy, ട്രാൻസ്ഫർ ലഭിച്ചതുമൂലം ഉണ്ടാകുന്ന ഒഴിവുകൾ, V2 - conditional vacancy, V3- 5 വർഷം പൂർത്തീകരിച്ച അദ്ധ്യാപകരുടെ ഒഴിവുകൾ).

3. അനുകമ്പാർഹ പരിഗണനയിൽ സ്ഥലംമാറ്റം ലഭിക്കുന്നതിന് അർഹരായ അദ്ധ്യാപകരുടെ റാങ്ക്ലിസ്റ്റ് **Annexure 4**- ആയി പ്രസിദ്ധപ്പെടുത്തുന്നതാണ്.

4. ട്രാൻസ്ഫറിന് അർഹത നേടിയിട്ടുള്ള അദ്ധ്യാപകർ സ്ഥലംമാറ്റം ലഭിക്കേണ്ട സ്കൂളുകൾ മുൻഗണന ക്രമത്തിൽ നിശ്ചിത സമയ പരിധിയ്ക്കുള്ളിൽ ഓപ്റ്റ് ചെയ്യേണ്ടതാണ്. തീയതി പിന്നീട് അറിയിക്കുന്നതാണ്. നിർദ്ദിഷ്ട സമയ പരിധിയ്ക്കു ശേഷം ഓപ്ഷൻ നൽകുന്നതിനുള്ള ലിങ്ക് പിൻവലിക്കുന്നതാണ്. ഒരു സ്കൂളിലെ ഒരേ തസ്തികയിലേയ്ക്ക് ഒന്നിലധികം പേർ അപേക്ഷ സമർപ്പിക്കുന്ന പക്ഷം **Annexure-2** ലെ റാങ്കിന്റെ അടിസ്ഥാനത്തിൽ ട്രാൻസ്ഫർ നൽകുന്നതാണ്. മാതൃജില്ലയിലേയ്ക്കു സ്ഥലംമാറ്റത്തിന് അപേക്ഷ സമർപ്പിച്ചവർക്കു V1, V2, V3 ഒഴിവുകളിലേക്ക് സ്കൂൾ ഓപ്ഷൻ നൽകാവുന്നതാണ്. എന്നാൽ മാതൃജില്ലയിലേക്കല്ലാതെ ട്രാൻസ്ഫറിന് അപേക്ഷ സമർപ്പിച്ചവർക്ക് V1, V2 ഒഴിവുകളിലേക്ക് ഓപ്ഷൻ നൽകുന്നതിനു മാത്രമേ അർഹതയുണ്ടായിരിക്കുകയുള്ളൂ.

5. 18.09.2015-ലെ G.O(Rt)No.4226/15/G.Edn നമ്പർ ഉത്തരവു പ്രകാരം രൂപീകരിച്ച കമ്മിറ്റി പരിശോധിച്ച അനുകമ്പാർഹ പരിഗണന അർഹിക്കുന്ന അദ്ധ്യാപകരുടെ ലിസ്റ്റ് **Annexure -4** ആയി പ്രസിദ്ധപ്പെടുത്തുന്നതാണ്. ഒരു ജില്ല ഒരു യൂണീറ്റായി കണക്കാക്കിക്കൊണ്ട് ജില്ലയിലെ മൊത്തം ഒഴിവുകളുടെ 10% മാത്രം ആണ് അനുകമ്പാർഹ സ്ഥലംമാറ്റത്തിന് മാറ്റിവയ്ക്കുന്നത്. ഒരു ജില്ലയിൽ അനുകമ്പാർഹ പരിഗണനയിൽ സ്ഥലംമാറ്റം ലഭിച്ച് നിലനിർത്തിയവരേയും ഉൾപ്പെടുത്തികൊണ്ടാണ് പ്രസ്തുത 10%. ആയതിനാൽ **Annexure-4** ൽ ഉൾപ്പെട്ടു എന്നതുകൊണ്ട് അനുകമ്പാർഹ പരിഗണനയിൽ സ്ഥലംമാറ്റം ലഭിക്കണമെന്ന് നിർബന്ധമില്ല. അനുകമ്പാർഹ പരിഗണനയിൽ സ്ഥലംമാറ്റം അനുവദിക്കാവുന്ന 10%ത്തിൽ അധികമുള്ളവരെ മറ്റ് അധ്യാപകരെപ്പോലെ **Annexure -2** ലെ റാങ്കിന്റെ അടിസ്ഥാനത്തിൽ പൊതുസ്ഥലമാറ്റത്തിന് പരിഗണിക്കുന്നതാണ്.

6. ട്രാൻസ്ഫർ മുഖേന ത്രോൺഔട്ട് ആകുന്ന അദ്ധ്യാപകരുടെ ലിസ്റ്റും, ഒഴിവുകളെ സംബന്ധിച്ചുള്ള ലിസ്റ്റും പിന്നീട് പ്രസിദ്ധപ്പെടുത്തുന്നതാണ്.

7. **Annexure-2 www.hscap.kerala.gov.in/transfer** എന്ന വെബ്സൈറ്റിൽ ലഭ്യമാണ്.

8. ഇതോടൊപ്പം പ്രസിദ്ധപ്പെടുത്തിയിട്ടുള്ള **Annexure -2** നെ സംബന്ധിച്ച പരാതികൾ 21.11.2015 വൈകുന്നേരം അഞ്ചു മണിയ്ക്കു മുമ്പായി adc6transfer@gmail.com എന്ന email അഡ്രസ്സിൽ മെയിൽ ചെയ്യേണ്ടതാണ്. അതിനുശേഷമുള്ള ഒരു പരാതിയും സ്വീകരിക്കുന്നതല്ല.

ഒപ്പ്/-
ഡയറക്ടർ